പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5963

04/07/2019-ൽ മറുപടിയ്ക്ക്

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

| ചോദ്യം<br>**ശ്രീമതി.പി. അയിഷാ പോറ്റി** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അവസാന ഘട്ടത്തിൽ ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാർ ചെയ്യുന്നതിന് ചുമതല നൽകിയിട്ടുള്ളത് ആർക്കാണെന്ന് വ്യക്തമാക്കുമോ;<br>(ബി) ഭരണാനുമതി ലഭിച്ച് നാളുകളായിട്ടും വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 'കിഫ്ബി' ധനസഹായത്തോടെ സംസ്ഥാനത്തെ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയുടേയും 500നും 1000നുമിടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി രൂപയുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭേദഗതി വരുത്തിയ ഭരണാനുമതി ഉത്തരവ് നൽകിയത് 2019 ജൂൺ മാസം 2-ാം വാരത്തിലാണ്. ആയതിന്റെ തുടർ പ്രവർത്തനങ്ങൾക്ക് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ SPV (Special Purpose Vehicle) ആയ 'കൈറ്റി'നെയാണ് ചുമതലപ്പെടുത്തിയത്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

Nanitha.P

**സെക്ഷൻ ഓഫീസർ**